15. ശ്രീ. റ്റി. യു. കുരുവിള
16. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17 ശ്രീ. കെ. പി. മോഹനൻ
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എം. മുരളി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. ടി. എൻ. പ്രതാപൻ
22. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. എൻ. ശക്തൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. കെ. ശിവദാസൻ നായർ
27. ശ്രീ. എം. ഉമ്മർ
28. ശ്രീ. എം. എ. വാഹീദ്
29. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ.....75

പ്രതികൂലിക്കുന്നവർ.....29

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXI

### മൃഗസംരക്ഷണം

സർവ്വശ്രീ കെ. സി. ജോസഫ്, ഡൊമിനിക് പ്രസന്റേഷൻ, എ. പി. അബ്ദുള്ളക്കുട്ടി, കെ. ബാബു, എൻ. ശക്തൻ, എ. പി. അനിൽകുമാർ, വർക്കല കഹാർ, വി. ഡി. സതീശൻ, ജോസഫ് എം. പുതുശ്ശേരി, പ്രൊഫ. എൻ. ജയരാജ്, എം. ഉമ്മർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, സി. ടി. അഹമ്മദ് അലി, യു. സി. രാമൻ, അബ്ദുറഹിമാൻ രണ്ടത്താണി, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : മിണ്ടാപ്രാണികൾക്കു വേണ്ടി ഹൃദയസ്പർശിയായി അഭ്യർത്ഥന നടത്തിയ മന്ത്രിയുടെ അഭ്യർത്ഥന മാനിച്ചു കൊണ്ട് ഞങ്ങൾ പോൾ ചോദിക്കുന്നില്ല.

മി. സ്പീക്കർ : പ്രമേയം ഐക്യകണ്ഠ്യേന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു. ഇനി ഇങ്ങനെ ഹൃദയസ്പൃക്കായി പറയുന്നതൊക്കെ അംഗീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : മിണ്ടാപ്രാണികളുടെ കാര്യമായതു കൊണ്ടാണ്.

## ധനാഭ്യർത്ഥന നമ്പർ XXXII
### ക്ഷീരവികസനം

മി. സ്പീക്കർ : സർവ്വശ്രീ വി. ഡി. സതീശൻ, ബി. ബാബു പ്രസാദ്, ആര്യാടൻ മുഹമ്മദ്, ജി. കാർത്തികേയൻ, വർക്കല കഹാർ, സി. ടി. അഹമ്മദ് അലി, വി. കെ. ഇബ്രാഹിം കുഞ്ഞ്, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, യു. സി. രാമൻ, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, പ്രൊഫ. എൻ. ജയരാജ്, കെ. പി. മോഹനൻ, ജോർജ് മേഴ്സിയർ, എൻ. ശക്തൻ, ഡൊമിനിക് പ്രസന്റേഷൻ, എ. പി. അബ്ദുള്ളക്കുട്ടി, എം. മുരളി, ടി. എൻ. പ്രതാപൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ. ബാബു, എ. പി. അനിൽകുമാർ, കെ. സി. ജോസഫ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈ മാസം 21-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.00-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

# സബ്ജക്ട് കമ്മിറ്റി - I

## (കൃഷിയും സംയോജിത ഗ്രാമവികസനവും)

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമതു റിപ്പോർട്ടിന്മേൽ ധനകാര്യമന്ത്രിയുടെ പ്രസ്താവന

## ധനാഭ്യർത്ഥന നമ്പർ XXXI- മൃഗസംരക്ഷണം

| ക്രമനമ്പർ | കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ | പ്രസ്താവന |
|---|---|---|
| (1) | (2) | (3) |
| 1 | 23 | കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 190 ലക്ഷവും ഈ വർഷത്തെ 220 ലക്ഷവും മുൾപ്പെടെ 410 ലക്ഷം രൂപ ബയോളജിക്കൽ കോംപ്ലക്സിന് ഫാർമസ്യൂട്ടിക്കൽ വിംഗ് സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തങ്ങൾക്കുൾപ്പെടെ അനുവദിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പോലുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ഇപ്പോൾ വകകൊള്ളിച്ചിട്ടുള്ള തുക പര്യാപ്തമാകുമെന്ന് കരുതുന്നു. ഇതിനകം അനുവദിച്ചിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചും അധിക വിഭവ ലഭ്യതക്കുള്ള സാധ്യത വിലയിരുത്തിയും മാത്രമേ അധികവിഹിതം അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമൊടുക്കാനാവു. |
| 2 | 24 | ഭരണ വകുപ്പാണ് തീരുമാനിക്കേണ്ടത്. |
| 3 | 25, 26 | വിഭവലഭ്യതയുടെ പരിമിതി കാരണം പദ്ധതി വിഹിതം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല. നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ ഈയാവശ്യങ്ങൾക്ക് അധിക വിഹിതം കണ്ടെത്താനുള്ള സാധ്യത ഭരണ വകുപ്പിന് പരിശോധിക്കാവുന്നതാണ്. |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 4 | 27, 28 | വിഭവലഭ്യതയുടെ പരിമിതി കാരണം അധിക സഹായം അനുവദിക്കുവാൻ നിർവ്വാഹമില്ല. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ അവയുടെ വികസന പ്രവർത്തനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു വായ്പ ലഭിക്കുന്നതിനുള്ള സാദ്ധ്യതകൂടി ആരായേണ്ടതാണ്. |
| 5 | 29 | ഭരണ വകുപ്പ് തീരുമാനമെടുക്കേണ്ടതാണ്. |
| 6 | 30 | കരുനാഗപ്പള്ളിയിലെ കാലിത്തീറ്റ നിർമ്മാണ പ്ലാന്റിന്റെ പൂർത്തീകരണത്തിനാണ് 5 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. കേരളാ ഫീഡ്സ് ഏറ്റെടുക്കാനുദ്ദേശിക്കുന്ന മറ്റു നിർമ്മാണ യൂണിറ്റുകൾക്ക് മുൻകൂറായി തുക അനുവദിക്കുന്നത്പ്രായോഗികമല്ല. പ്രസ്തുത സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധന സഹായം അനുവദിക്കുന്നത് സംസ്ഥാനത്തിന്റെ നിലവിലുള്ള വിഭവശേഷിയുടെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷം സാദ്ധ്യമാവുകയില്ല. |
| 7 | 31 | ഭരണവകുപ്പ് ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 8 | 32 | ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതികൾക്ക് 30% കേന്ദ്ര സഹായമാണ് ലഭിക്കുന്നത്. 70% തുക സംസ്ഥാനം വായ്പയിലൂടെ സ്വരൂപിക്കുകയാണ് ചെയ്യുന്നത്. ഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന കണക്കുകൾ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| | | പരിശോധിച്ച് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 9 | 33 | വെറ്ററിനറി യൂണിവേഴ്സിറ്റിയും ഡയറി സയൻസ് കോളേജും ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ കൈക്കൊള്ളുന്ന ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 10 | 34 | നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതാണ്. |
| 11 | 35 | പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്രാനുമതി സംബന്ധിച്ച വിശദ വിവരങ്ങളും ശുപാർശയും ഭരണ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ ശീർഷകവും തുകയും അനുവദിക്കുന്നതാണ്. |
| 12 | 36 | പദ്ധതിയേതര ഇനങ്ങളിൽ അധിക തുകയുടെ ആവശ്യകത മുൻനിർത്തി ഭരണ വകുപ്പ് ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലെ ബജറ്റ് വിഹിതത്തിന്റെ വിനിയോഗം പരിശോധിച്ചശേഷം അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

LIBRARY ARCHIVES Kerala Legislative Assembly